# പതിമൂന്നാം കേരള നിയമസഭ

അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1001 — 14.06.2012ൽ മറുപടിയ്ക്ക്

## കോഴിക്കോട് സർവ്വകലാശാലയിലെ ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>ശ്രീ. എ. പ്രദീപ്കുമാർ<br>ഡോ. കെ.ടി. ജലീൽ<br>ശ്രീ. കെ. ദാസൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്,<br>(ബഹു . വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) നിലവിലുള്ള സിൻഡിക്കേറ്റ് അധികാരമേറ്റെടുത്തശേഷം കോഴിക്കോട് സർവ്വകലാശാലയിൽ വിവിധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമായി ഭൂമി ആവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ഓരോ അപേക്ഷയിലും ആവശ്യപ്പെട്ടിട്ടുള്ള ഭൂമിയുടെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ ; | എ),ബി) &സി) പതിനൊന്ന് അപേക്ഷകൾ.<br>1. എൻ.സി.സി. 6 ഏക്കർ, ഓഫീസർ കമാന്റിംഗ്, 29,കേരള ബറ്റാലിയൻ, എൻ.സി.സി. കോഴിക്കോട്<br>ഭൂമി പാട്ടത്തിന് കൊടുക്കാൻ തീരുമാനമായി<br>2. കേരള ലളിത കലാഅക്കാഡമി ... 2 ഏക്കർ, സെക്രട്ടറി , കേരള ലളിത കലാ അക്കാഡമി<br>ഭൂമി അനുവദിച്ചില്ല<br>3. തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത് ... 20 സെന്റ് , പി.എച്ച്.സി. സബ് സെന്റർ തേഞ്ഞിപ്പലത്തിന് വേണ്ടി സെക്രട്ടറി, തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത്<br>സിൻഡിക്കേറ്റ് സബ് കമ്മിറ്റി തീരുമാനത്തിന് വേണ്ടി വിട്ടിരിക്കുകയാണ്. |

4. തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് – ബസ് ടെർമിനലും വ്യാപാര സമുച്ചയവും നിർമ്മിക്കുന്നതിനു വേണ്ടി പാട്ടത്തിന് രണ്ടര ഏക്കർ മുൻ സിൻഡിക്കേറ്റ് കണ്ടെത്തി. എന്നാൽ നൽകിയിട്ടില്ല.

5. എം.ആർ.ബി എജ്യുക്കേഷനൽ ട്രസ്റ്റ് തേഞ്ഞിപ്പലം- ശാരീരികവും മാനസികവുമായ വൈകല്യമുള്ള കുട്ടികൾക്ക് വേണ്ടിയുള്ള ബഡ്സ് സ്കൂൾ തുടങ്ങാൻ - രണ്ട് ഏക്കർ ഭൂമി - അനുവദിച്ചില്ല

6. കാലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയീസ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സൊസൈറ്റി കെട്ടിടം നിർമ്മിക്കാൻ - സൊസൈറ്റിയുടെ സെക്രട്ടറിയുടെ അപേക്ഷയിൽ (ഭൂമിയുടെ ഉടമസ്ഥാവകാശം യൂണിവേഴ്സിറ്റിയിൽ നിലനിർത്തിക്കൊണ്ട്) - സിൻഡിക്കേറ്റ് ഇരുപത് സെന്റ് ഭൂമി അനുവദിച്ചു.

7. പോലീസ് സ്റ്റേഷൻ തേഞ്ഞിപ്പലം - ക്വാർട്ടേഴ്സിനും ഓഫീസിനും വേണ്ടി - ഒരു ഏക്കർ ഭൂമിക്കു വേണ്ടി എസ്.ഐ തേഞ്ഞിപ്പലം അപേക്ഷ നൽകി. പരിഗണിച്ചില്ല.

8. കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റാഫ് കോ ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റിക്കുവേണ്ടി

സെക്രട്ടറി നിലവിലുള്ള പത്തു സെന്റിനു പുറമേ പതിനഞ്ചു സെന്റിനു കൂടി അപേക്ഷ നൽകി. സിൻഡിക്കേറ്റ് പിന്നത്തേക്ക് മാറ്റി വച്ചു.

9. സനാതന ധർമ്മ ട്രസ്റ്റ് സെക്രട്ടറി, സനാതന ധർമ്മ ചെയറിനുവേണ്ടി ഭൂമിക്ക് അപേക്ഷിച്ചു. നിലവിലുള്ള കീഴ്വഴക്കം കെട്ടിട നിർമ്മാണത്തിനു വേണ്ടി സിൻഡിക്കേറ്റ് (ഭൂമിയുടെ ഉടമസ്ഥാവകാശം യൂണിവേഴ്സിറ്റിയിൽ നിലനിർത്തിക്കൊണ്ട്) ഇരുപത് സെന്റ് ഭൂമി അനുവദിച്ചു.

10. തേഞ്ഞിപ്പലത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനു വേണ്ടി ഒരു ഏക്കർ ഭൂമി സ്ഥലം എം.എൽ. എ ആവശ്യപ്പെട്ടു. ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനു വേണ്ടി മിനിമം സ്ഥലം കൊടുക്കുവാൻ തീരുമാനമുണ്ടായി. ഭൂമി നൽകിയിട്ടില്ല.

11. സി.എച്ച്. ചെയർ സ്ഥാപിക്കുന്നതിനു വേണ്ടി പത്ത് ഏക്കർ ഭൂമിക്കു ചെയറിന്റെ ഡയറക്ടർ അപേക്ഷ നൽകി.ചില വ്യവസ്ഥകൾക്ക് വിധേയമായി ഈ പദ്ധതിക്ക് അനുമതി നൽകിയിരുന്നുവെങ്കിലും പിന്നീട് പ്രസ്തുത തീരുമാനം റദ്ദ് ചെയ്തു.

ബി) പ്രസ്തുത അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളവരുടെ പേരു വിവരം ലഭ്യമാക്കാമോ;

സി) പ്രസ്തുത അപേക്ഷകളിൽ വ്യത്യസ്ത ഘട്ടങ്ങളിലായി സർവ്വകലാശാല സിൻഡിക്കേറ്റ് എടുത്തിട്ടുള്ള തീരുമാനങ്ങൾ വെളിപ്പെടുത്തുമോ?

സെക്ഷൻ ഓഫീസർ